# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 398 – 03/03/2020 - ലെ മറുപടിക്ക്

### സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം

ചോദ്യം

ശ്രീ.കെ.ജെ. മാക്സി

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | കേന്ദ്രസർക്കാർ സംസ്ഥാനത്തിനുള്ള വായ്പയിൽ എത്ര കുറവ് വരുത്തിയെന്നും ആയത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ അനുവദനീയമായ കടമെടുപ്പ് പരിധിയിൽ നിന്നും അധികരിച്ചിട്ടുള്ള വായ്പ 2019-20 ലെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിന്നും കേന്ദ്രസർക്കാർ കുറവ് വരുത്തുകയുണ്ടായി. ഇത് പ്രളയനന്തര പുനർനിർമ്മാണങ്ങളേയും വികസന പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ നടപ്പു സാമ്പത്തിക വർഷത്തെ കടമെടുപ്പ് പരിധിയായ 24,915/- കോടി രൂപയിൽ നിലനിറുത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ, ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും പ്രതികരണമെന്നും ലഭിച്ചിട്ടില്ല. അതേസമയം രാജ്യത്തെ നിലവിലെ പ്രതികൂല സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം നേരിടുന്നതിന് പൊതുവിപണിയിൽ നിന്നും 1471 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്രസർക്കാർ ഇപ്പോൾ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന് നൽകാനുള്ള ജി.എസ്.ടി. കുടിശ്ശിക എത്രയെന്നും ആയത് നേടിയെടുക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കലാണ് ലഭിക്കേണ്ടത്. എന്നാൽ, 2019 ഒക്ടോബർ മുതൽ 2020 ജനുവരി വരെ ജി.എസ്.ടി.നഷ്ടപരിഹാര യിനത്തിൽ ഏകദേശം 3200 കോടിരൂപ സംസ്ഥാനത്തിന് കുടിശ്ശികയായിട്ടുണ്ട്. ഇതിൽ 854 കോടിരൂപ (2019 ഒക്ടോബർ, നവംബർ മാസങ്ങളിലെ കുടിശ്ശികയുടെ പകുതി) മാത്രമേ |

| | | |
|---|---|---|
| | | കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. ജി.എസ്.ടി നഷ്ടപരിഹാരം ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ച് കൊണ്ട് കേന്ദ്രസർക്കാരിന് കത്തയച്ചിട്ടുണ്ട്. |
| (സി) | നെൽ സംഭരണത്തിനുള്ള കേന്ദ്ര വിഹിതം ഉൾപ്പെടെ ഏതെല്ലാം മേഖലകളിലാണ് കേന്ദ്രസർക്കാർ രാഷ്ട്രീയ താല്പര്യത്തോടെ കുറവുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തിനെ സാമ്പത്തികമായി ശ്വാസം മുട്ടിക്കുന്ന ധനസമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിച്ച് വരുന്നത്. കേന്ദ്രാവിഷ്കൃത സ്കീമുകളുടെ കേന്ദ്രവിഹിതം വലിയ തോതിൽ കുടിശ്ശികയാണ്. തൊഴിലുറപ്പ് കുടിശ്ശിക ആറു മാസം വൈകിയാണ് കിട്ടിയത്. നെല്ല് സംഭരിച്ചതിന് കേന്ദ്രത്തിൽ നിന്നും 1035 കോടി രൂപയാണ് ലഭിക്കേണ്ടത്. ഇതു വരെ ബാങ്കുകളിൽ നിന്നും നെല്ലിന്റെ വിലയായി കർഷകർക്ക് നൽകി വരുന്ന വായ്പ കുടിശ്ശികയായിരിക്കുകയാണ്. 2019 ലെ പ്രളയ ദുരിതാശ്വാസ സഹായത്തിൽ നിന്നും കേരളത്തെ ഒഴിവാക്കി. പ്രളയപുനർ നിർമ്മാണത്തിനുള്ള വിദേശവായ്പകൾ സാധാരണഗതിയിലുള്ള വായ്പ പരിധിയ്ക്ക് പുറത്താക്കി പരിഗണിക്കാമെന്ന് ജി.എസ്.ടി കൗൺസിലിൽ നൽകിയ വാഗ്ദാനത്തിൽ നിന്നും കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പിൻമാറിയിട്ടുമുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ**